## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7405** — **17.7.2012-ൽ മറുപടിക്ക്**

### പൈപ്പ് കമ്പോസ്റ്റുകളും ഇ.എം.സൊല്യൂഷൻ ഉല്പാദനവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) നഗരസഭാ പരിധിയിലെ സ്ഥലപരിമിതിയുള്ള വീട്ടുടമകൾക്ക് മാലിന്യ സംസ്ക്കരണത്തിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രശ്നം പരിഹരിക്കുവാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിലേക്കായി വീടുകളിൽ ലഭ്യമായ സ്ഥലത്ത് സ്ഥാപിക്കാവുന്ന ബയോഗ്യാസ് പ്ലാന്റുകളും, കമ്പോസ്റ്റ് യൂണിറ്റുകളും ഇപ്പോൾ ലഭ്യമാണ്. ആയത് ശുചിത്വമിഷൻ അംഗീകാരം നൽകി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി സബ്സിഡി നൽകി നടപ്പിലാക്കി വരുന്നു. |
| ബി) നഗരസഭാ പ്രദേശങ്ങളിൽ സ്ഥലപരിമിതിയുള്ളവരുടെ ഗാർഹിക മാലിന്യങ്ങൾ സംസ്ക്കരിക്കുവാൻപൈപ്പ് കമ്പോസ്റ്റുകൾ ഗുണപ്രദമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം പൈപ്പുകളിൽ തളിക്കുന്ന ഇ. എം. സൊല്യൂഷൻ കേരളത്തിൽതന്നെ ഉൽപാദിപ്പിക്കുവാനും എല്ലാ വീടുകളിലും സബ്സിഡി നിരക്കിൽ എത്തിക്കുവാനും നടപടി സ്വീകരിക്കുമോ ; | ബി) ഉണ്ട്.<br>ഇ.എം സൊല്യൂഷൻ ഉൾപ്പെടെയുള്ളവ മാലിന്യ സംസ്ക്കരണത്തിന് ഉപയോഗിക്കേണ്ടതില്ല എന്നാണ് കേന്ദ്ര നഗരകാര്യ വകുപ്പ് ഗൈഡ് ലൈൻ പ്രകാരം നിഷ്ക്കർഷിച്ചിട്ടുള്ളത്. എന്നിരുന്നാലും കേരളത്തിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഇത്തരത്തിലുള്ള സൊല്യൂഷനുകൾ കമ്പോസ്റ്റിന് ഉപയോഗപ്പെടുത്തുമ്പോൾ പരിസ്ഥിതിക്ക് ഹാനികരമാണോ എന്നതും അവ കമ്പോസ്റ്റിംഗിന് എപ്രകാരം ഗുണകരമാകുമെന്നും അറിയാനായി ഒരു പഠനം അംഗീകൃത ലബോറട്ടറികളിൽ പരിശോധന നടത്തി ലഭ്യമാകുന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ ഉപയോഗിക്കുന്നതിന് അനുമതി നൽകാമെന്നാണ് ഇതിനായി സർക്കാർ രൂപീകരിച്ച ഒരു സമിതി ശുപാർശ ചെയ്തിട്ടുള്ളത്. ആയതിന്റെ വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഇതിന് സബ്സിഡി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| സി) മാലിന്യ സംസ്ക്കരണത്തിനും പകർച്ച വ്യാധികൾക്ക് കാരണമാകാവുന്ന രോഗാണുക്കളെ ചെറുക്കുന്നതിനും അനുയോജ്യമായ ഇ.എം. സൊല്യൂഷൻ ഉല്പാദിപ്പിക്കുന്നതിനുള്ള പരിശീലനം നഗരസഭാ വാർഡുതല പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നതിനും ആയത് ആവശ്യമായ അളവിൽ ഉല്പാദിപ്പിക്കുവാൻ വേണ്ട സഹായം നൽകുന്നതിനും നടപടി സ്വീകരിക്കുമോ? | സി) മുകളിൽപ്പറഞ്ഞ പഠനത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ